# Deepika

# 11 July 2018

# Kochi, Educational Institutions, Holiday

## എറണാകുളം ഉൾപ്പെടെ ആറു ജില്ലകളിൽ ഇന്ന് അവധി

**കൊച്ചി:** എറണാകുളം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കളക്ടർ മുഹമ്മദ് സഫിറുള്ള ഇന്നും അവധി നൽകി. അങ്കണവാടി മുതൽ ഹയർ സെക്കൻഡറി വരെ സ്റ്റേറ്റ്, സിബിഎസ്ഇ, ഐസിഎസ്ഇ, ഐഎസ്ഇ സ്കൂളുകൾക്കും കേന്ദ്രീയ വിദ്യാലയങ്ങൾക്കും കോളജുകൾ, പ്രഫഷണൽ കോളജുകൾ എന്നിവയ്ക്കും അവധി ബാധകമാണ്. സർവകലാശാലാ പരീക്ഷകൾക്ക് അവധി ബാധകമല്ല. ഇവ നിശ്ചയിച്ചത് പ്രകാരം നടക്കുമെന്നും കളക്ടർ അറിയിച്ചു.

**കോട്ടയം:** കോട്ടയം ജില്ലയിലെ പ്രഫഷണൽ കോളജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. പകരം മറ്റൊരു ദിവസം പ്രവൃത്തിദിവസമായിരിക്കും.

**ഇടുക്കി:** ഇടുക്കി ജില്ലയിലെ അങ്കണവാടി മുതൽ ഹയർസെക്കൻഡറി തലംവരെയുള്ള സ്കൂളുകൾക്ക് ഇന്ന് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. പകരം 21നു പ്രവൃത്തിദിവസമായിരിക്കും. കോളജുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾ മാറ്റമില്ലാതെ നടക്കും.

**കൽപ്പറ്റ:** വയനാട് ജില്ലയിലെ പ്രഫഷണൽ കോളജ് ഒഴികെ, സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകൾ അങ്കണവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.

**പാലക്കാട്:** പാലക്കാട് ജില്ലയിലെ അങ്കണവാടി മുതൽ ഹയർ സെക്കൻഡറി വരെയുള്ള സ്കൂളുകൾക്ക് ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.

**ആലപ്പുഴ:** അമ്പലപ്പുഴ, കുട്ടനാട്, ചേർത്തല താലൂക്കുകളിലെ പ്രഫഷണൽ കോളജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ആലപ്പുഴ ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു. അങ്കണവാടികളിലെ കുട്ടികൾക്ക് ഇന്ന് അവധിയായിരിക്കുമെങ്കിലും അങ്കണവാടികൾ തുറന്നു പ്രവർത്തിക്കണമെന്ന് ഉത്തരവുണ്ട്. ഇന്നത്തെ അവധിക്കു പകരം ഈ മാസം 21ന് പ്രവൃത്തിദിവസമായിരിക്കുമെന്ന് കളക്ടർ അറിയിച്ചു.